# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS)10/12/2024

1. കരുതലും കൈത്താങ്ങും എന്ന താലൂക്ക്തല പരാതി പരിഹാര അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് വിമൻസ് കോളേജിൽ 9ന് രാവിലെ 10 മണിയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. തിരുവനന്തപുരം ജില്ലയിലെ താലൂക്ക് തല അദാലത്ത് ഡിസംബർ 17 വരെ മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു. 10ന് നെയ്യാറ്റിൻകര താലൂക്ക്, 12ന് നെടുമങ്ങാട് താലൂക്ക്, 13ന് ചിറയിൻകീഴ് താലൂക്ക്, 16ന് വർക്കല താലൂക്ക് 17ന് കാട്ടാക്കട താലൂക്ക് എന്നിങ്ങനെയാണ് അദാലത്തുകൾ നടക്കുന്നത്.

2. കർഷക സേവനങ്ങൾ വേഗത്തിലാക്കാൻ കർഷക രജിസ്ട്രി. കൃഷിക്കുള്ള ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറിന്റെ (അഗ്രി സ്റ്റാക്ക്) ഘടകങ്ങളിലൊന്നാണ് കർഷക രജിസ്ട്രി. കർഷക രജിസ്ട്രി പ്രവർത്തന ക്ഷമമാകുന്നതിന്റെ ഫലമായി സർക്കാർ പദ്ധതികൾ വേഗത്തിലും, സുതാര്യമായും കർഷകർക്ക് ലഭ്യമാകുന്നു. കേരളത്തിലെ പി എം കിസാൻ ഗുണഭോക്താക്കൾ ഉൾപ്പെടെ 30 ലക്ഷം കർഷകരെ കർഷക രജിസ്ട്രിയുടെ ഭാഗമാക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്രസർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിലൂടെ സമർപ്പിക്കുന്ന കർഷകരുടെ വിവരങ്ങൾ ഉപയോഗിച്ച് ദേശീയതലത്തിൽ ജനറേറ്റ് ചെയ്യുന്ന ഒരു കർഷക ഐഡി കർഷകർക്ക് ലഭ്യമാകുന്നു. ഇതുപയോഗിച്ച് കർഷകർക്ക് ഭാവിയിൽ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾ മറ്റ് രേഖകളൊന്നും കൂടാതെ തന്നെ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാകും. കർഷക രജിസ്ട്രിയുമായി ബന്ധപ്പെട്ട് കൃഷിഭവനിൽ നിന്നും അറിയിപ്പ് ലഭിച്ചാലുടൻ തന്നെ കേന്ദ്ര സർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തു ആധാർ ലിങ്ക് ചെയ്ത മൊബൈൽ ഫോണിൽ വരുന്ന OTP നല്കി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ആധാർ കാർഡ്, തങ്ങളുടെ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ, കരമടച്ച രസീത് എന്നിവയുമായി ഒത്തു നോക്കി ശരിയാണെന്നു ഉറപ്പുവരുത്തേണ്ടതാണ്. കർഷകർക്ക് കർഷക രജിസ്ട്രിയിൽ വിവരങ്ങൾ ചേർക്കുന്നതിന് സ്വന്തമായി സാധ്യമല്ലെങ്കിൽ അടുത്തുള്ള അക്ഷയ സെന്ററിന്റേയോ, കോമൺ സർവീസ് സെന്ററിന്റേയോ കൃഷിഭവന്റെയോ സഹായം തേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 1800-425-1661 എന്ന ടോൾ ഫ്രീ നമ്പറിലോ, 0471 -2309122, 2303990, 2968122 എന്നീ ഹെല്പ് ഡെസ്ക് നമ്പരുകളിലോ വിളിക്കേണ്ടതാണ്. കതിർ ആപ്പ് ഡൗൺലോഡ് ചെയ്തും കർഷക രജിസ്ട്രി ചെയ്യാവുന്നതാണ്.

3. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര, ഇൻസ്ട്രക്ഷണൽ ഫാമിലെ കശുമാവ് കമുക് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും വിളവെടുക്കുന്നതിനുള്ള അവകാശത്തിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. അവസാന തീയതി 16.12.2024. കൂടുതൽ വിവരങ്ങൾക്ക് 0487-2961457 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം' കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ, 2025 വർഷത്തെ പാൽകാർഡ് വിതരണം സംബന്ധിച്ചു നടക്കുന്ന നറുക്കെടുപ്പ് 16/12/2024 - തിങ്കളാഴ്ച രാവിലെ 11 മണിക്ക്തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ നടത്തുന്നു. നറുക്കെടുപ്പിൽ പങ്കെടുക്കുന്ന അപേക്ഷകർ അന്നേ ദിവസം 11 മണിക്ക് മുമ്പായി ഓഫീസ് അങ്കണത്തിൽ ഹാജരാകേ്താണ്.നറുക്കെടുപ്പിൽ വിജയിക്കുന്നവർ ഡിസംബർ 17, 18, 19, 20, 21, 23 തീയതികളിൽ, നറുക്കുവീണ നമ്പർ ക്രമപ്രകാരം, 2025 ജനുവരി മാസത്തെ പുതിയ പാൽകാർഡ് എടുക്കുന്നതിനായി ഹാജരാകേ്താണ്. അപേക്ഷകൻ തന്നെ സ്വയം, അസ്സൽ റേഷൻകാർഡും, ആധാറും

സഹിതം രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയും, ഉച്ചയ്ക്ക് 2 മണി മുതൽ 3 മണി വരെയും ഹാജരാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. വെള്ളായണി കാർഷിക കോളേജിൽ വികസിപ്പിച്ചെടുത്ത സങ്കരയിനം തീറ്റപ്പുൽ കമ്പ് വില്പനയ്ക്ക് തയ്യാറായി. വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 8547125233.

6. കേരളകാർഷികസർവകലാശാലക്ക് കീഴിൽ കോഴിക്കോട് വേങ്ങേരിയിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണനകേന്ദ്രത്തിൽ ഗുണമേന്മയുള്ള നല്ലയിനം ഹൈബ്രിഡ് തെങ്ങിൻ തൈകളും മാവ്, പ്ലാവ്, പേര, സപ്പോട്ട, ചാമ്പ, ബറാബ, വെസ്റ്റ് ഇന്ത്യൻ ചെറി, ഡ്രാഗൺ ഫ്രൂട്ട്, കുരുമുളക്, സർവ്വസുഗന്ധി, ഗ്രാമ്പു, പട്ട, നാരകം എന്നിവയുടെ ഒട്ടു തൈകളും ലയർ തൈകളും ബഡ് ചെയ്ത തൈകളും വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0495 2935850, 91 88223584

7. ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 ഡിസംബർ 18, 19 തീയതികളിലായി **ക്ഷീരസംരംഭകത്വം ശാസ്ത്രീയ പശു പരിപാലനത്തിലൂടെ** എന്ന വിഷയത്തിൽ 2 ദിവസത്തെ പരിശീലനം നടത്തുന്നു. നിലവിൽ പത്തോ അതിൽ അധികമോ പശുക്കളെ വളർത്തുന്നവർക്കും ക്ഷീരമേഖലയെ ഒരു സംരംഭമായി കരുതി ഫാം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.പങ്കെടുക്കാൻ താൽപര്യമുള്ളവർ 16.12.2024 വൈകുന്നേരം 5 മണി വരെ ഫോൺ മുഖേനയോ 8089391209 എന്ന വാട്സ്അപ്പ് നമ്പരിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായി പരിശീലനം പരിമിതപ്പെടുത്തിയിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും 20/- രജിസ്ട്രേഷൻ ഫീസും

പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 8089391209, 0476 2698550 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം